**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1099** **12-06-2024 - ൽ മറുപടിയ്ക്ക്**

**ജലജീവൻ മിഷൻ പദ്ധതിയ്ക്കായി കുഴിച്ച കുഴികളിലെ അപകടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലജീവൻ പദ്ധതിയ്ക്കായി റോഡുകൾ കുഴിക്കുമ്പോൾ അവ പൂർവ്വ സ്ഥിതിയിലാക്കാൻ ചുമതലയുള്ളത് ആർക്കാണെന്ന് വ്യക്തമാക്കുമോ; ഇതു സംബന്ധിച്ച് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; ഇതിനായി പദ്ധതിയിൽ പ്രത്യേകം തുക അനുവദിയ്ക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | <u>പഞ്ചായത്ത് റോഡുകൾ</u><br><br>ജല ജീവൻ മിഷൻ പ്രവൃത്തികളുമായി ബന്ധപെട്ടു പഞ്ചായത്ത് റോഡുകൾ താത്കാലികമായി പുനഃസ്ഥാപിക്കുന്നതിനുള്ള തുക മാത്രമേ ഒന്നും രണ്ടും മൂന്നും ഘട്ട (State Level Scheme Sanctioning Committee) എസ്. എൽ. എസ്. എസ് കളിൽ അനുവദിച്ചിരുന്നുള്ളു. ഈ പ്രവർത്തികളിൽ പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷം പഞ്ചായത്ത് റോഡുകൾ താത്കാലികമായി പുനഃസ്ഥാപിക്കുന്നുണ്ട്. എന്നാൽ പൂർണമായി പുനഃസ്ഥാപിക്കേണ്ടത് പഞ്ചായത്തിന്റെ ഉത്തരവാദിത്വത്തിലാണ്. ഇതിനായി പതിനഞ്ചാം ധന കാര്യ കമ്മീഷന്റെ അൺ ടൈഡ് ഗ്രാൻറ് ഉപയാഗിക്കുവാനും പഞ്ചായത്തുകൾക്ക് അനുമതിയുണ്ട്. നാലും അഞ്ചും ഘട്ടങ്ങളിൽ ഭരണാനുമതി നൽകിയ പദ്ധതികളിൽ പഞ്ചായത്ത് റോഡുകളുടെ പുനഃസ്ഥാപനത്തിനുള്ള തുക കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ചു റോഡ് പുനഃസ്ഥാപനത്തിനു തുക ലഭ്യമായ പ്രവൃത്തികളിൽ ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ചു പഞ്ചായത്തുകൾക്ക് റോഡ് പുനഃസ്ഥാപനത്തിനുള്ള തുക അനുവദിക്കുന്നുണ്ട്.<br><br><u>PWD റോഡുകളുടെ പുനരുദ്ധാരണം</u><br><br>ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷം PWD റോഡുകൾ പുനഃസ്ഥാപിക്കുന്നതിനുള്ള മുഴുവൻ തുകയും എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br><br>14.09.2023 ന മുൻപ് ദർഘാസ് ക്ഷണിച്ചിട്ടുള്ള ജല ജീവൻ മിഷൻ പ്രവൃത്തികളിൽ റോഡുകളുടെ പുനരുദ്ധാരണം കൂടി പ്രവൃത്തികളുടെ സ്കോപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി റോഡുകളുടെ പുനരുദ്ധാരണം |

| | | | |
|---|---|---|---|
| | | | കേരള വാട്ടർ അതോറിറ്റി കരാറുകാരൻ തന്നെ നിർവഹിക്കുന്നതാണ്.<br><br>14.09.2023 ന ശേഷം ദർഘാസ് ക്ഷണിച്ചിട്ടുള്ള ജല ജീവൻ മിഷൻ പ്രവൃത്തികളിൽ റോഡ് പുനരുദ്ധാരണത്തിനുള്ള തുക ബന്ധപ്പെട്ട റോഡ് ഏജൻസിക്കു ഒടുക്കി അനുമതി ലഭ്യമാക്കിയതിനു ശേഷമാണു നടപ്പിലാക്കുന്നത്. ടി റോഡുകളിൽ പുനരുദ്ധാരണം ബന്ധപ്പെട്ട റോഡ് ഏജൻസിയാണ് നിർവഹിക്കേണ്ടത്. |
| (ബി) | ജലജീവൻ പദ്ധതിയ്ക്കായി കുഴിച്ച കുഴികളിൽ വീണ് എത്ര അപകടങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇപ്രകാരം അപകടത്തിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്നും അപകടത്തിൽപ്പെട്ടവർക്കും മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്കും നഷ്ടപരിഹാരം നൽകിയിട്ടുണ്ടോയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ? | (ബി) | ജല ജീവൻ മിഷൻ പ്രവൃത്തികളുമായി ബന്ധപെട്ടു കുഴിച്ച കുഴികളിൽ വീണുള്ള അപകടങ്ങൾ ഒന്നും തന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ